

കുഞ്ഞാട്ടിൻ തിരുരക്തത്താൽ ഞാൻ ശുദ്ധനായി തീർന്നു
തൻ ചങ്കിലെ ശുദ്ധ രക്തത്താൽ ഞാൻ ജയം പാടിടും
മഹത്വം രക്ഷകാ സ്തുതി നിനക്കെന്നും
ചേറ്റിൽ നിന്നെന്നെ നീ വീണ്ടെടുത്തതിനാൽ
സ്തുതിക്കും നിന്നെ ഞാൻ ആയുസ്സിൻ നാളെല്ലാം
നന്ദിയോടടിവണങ്ങും

ആർപ്പോടു നിന്നെ ഘോഷിക്കും ഈ സീയോൻ യാത്രയിൽ
മുമ്പോട്ടുതന്നെ ഓടുന്നു എൻ വിരുതിനായ്
ലഭിക്കും നിശ്ചയം എൻ വിരുതെനിക്കു
ശത്രുക്കളാരുമെ കൊണ്ടുപോകയില്ല
പ്രാപിക്കും അന്നു ഞാൻ രാജൻ കയ്യിൽ നിന്ന്
ദൂതന്മാരുടെ മധ്യത്തിൽ

എൻ ഭാഗ്യകാലം ഓർക്കുമ്പോളെന്നുള്ളം തുള്ളുന്നു
ഈ ലോകസുഖം തള്ളി ആ ഭാഗ്യം കണ്ടപ്പോൾ
നിത്യമാം രാജ്യത്തിലന്നു ഞാൻ പാടീടും
രാജൻ മുഖം കണ്ടു എന്നും ഞാൻ ഘോഷിക്കും
രക്തത്തിൻ ഫലമായി വാഴുമേ സ്വർഗത്തിൽ
കോടി കോടി യുഗങ്ങളായി

**Our Radio:**
www.heavenlyradio.org (+ Heavenly Radio +)

**Contact:**
**ROSHAN GEORGE**

**Our Websites:**
www.thesaintofparumala.com (Parumala Thirumeni)
www.sadhukochukunjuupadesi.com (Sadhu Kochukunju Upadesi)

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



മനോഹരമാം സീയോനിൽ ഞാൻ വേഗം ചേർന്നീടും
എൻ ക്ലേശമാകെ നീങ്ങിപ്പോം അവിടെയെത്തുമ്പോൾ
നിത്യമാം സന്തോഷം പ്രാപിക്കും അന്നു ഞാൻ
എൻ ശത്രുവിനതു എടുപ്പാൻ പാടില്ല
ആനന്ദം കൂടിടും സാനന്ദം പാടിടും
ശ്രീയേശുരാജൻ മുമ്പാകെ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me